**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5654** **13-08-2021 - ൽ മറുപടിയ്ക്ക്**

**ജല ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ മിഷൻ പദ്ധതിയിലൂടെ ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് വാട്ടർ അതോറിറ്റി എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാൻ ആലോചിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട ബാലുശ്ശേരി, കോട്ടൂർ, നടുവണ്ണൂർ എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനുള്ള പദ്ധതികൾക്ക് 2020-21 -ൽ അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള പഞ്ചായത്തുകളിൽ പൂർണമായും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനുള്ള പദ്ധതികൾക്ക് 2021-22- ൽ അംഗീകാരം നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ആകെ ചെലവിന്റെ പതിനഞ്ച് ശതമാനം പഞ്ചായത്തുകൾ വഹിക്കണമെന്ന നിബന്ധന, താരതമ്യേന വരുമാനം കുറഞ്ഞ ചെറിയ പഞ്ചായത്തുകൾക്ക് സാമ്പത്തികമായി വലിയ പ്രയാസം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി സർക്കാർ തയ്യാറാവുമോ; വ്യക്തമാക്കുമോ? | (ബി) | പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരം പദ്ധതി ചെലവിന്റെ പതിനഞ്ച് ശതമാനം വിഹിതം പഞ്ചായത്തുകൾ വഹിക്കേണ്ടതുണ്ട് . |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2020-21 ൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

| പഞ്ചായത്ത് | ഭരണാനുമതി നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക ലക്ഷത്തിൽ | നിർവഹണ ഏജൻസി |
|---|---|---|---|
| ബാലുശ്ശേരി | 4713 | 1266 | കെ.ഡബ്ലിയു.എ |
| കോട്ടൂർ | 5950 | 2820 | കെ.ഡബ്ലിയു.എ |
| കോട്ടൂർ | 250 | 37.57 | ജലനിധി |
| നടുവണ്ണൂർ | 4008 | 1883.20 | കെ.ഡബ്ലിയു.എ |
| ഉണ്ണികുളം | 400 | 75.96 | കെ.ഡബ്ലിയു.എ |
| കായണ്ണ | 70 | 13.00 | കെ.ഡബ്ലിയു.എ |

## 2021-22 ൽ ഭരണാനുമതി നൽകുവാനുള്ള പ്രവൃത്തികൾ

| പഞ്ചായത്ത് | ഭരണാനുമതി നൽകാനുള്ള കുടിവെള്ള കണക്ഷനുകളുടെ എണ്ണം | അടങ്കൽ തുക ലക്ഷത്തിൽ |
|---|---|---|
| ഉണ്ണികുളം | 11844 | 10968.97 |
| അത്തോളി | 7101 | 6776.11 |
| കായണ്ണ | 3426 | 3269.25 |
| പനങ്ങാട് | 8759 | 8358.25 |
| കുരാച്ചുണ്ട് | 4155 | 3964.89 |
| ഉള്ളിയേരി | 8188 | 7813.37 |